**അടിയന്തരപ്രമേയം**

**കോടതി നിരീക്ഷണം**

മി. സ്പീക്കർ : അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ചുപൂട്ടുന്നതാണ് നല്ലതെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിമർശിക്കുകയും എ.ജി.യെ മുഖ്യമന്ത്രി ന്യായീകരിക്കുകയും സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് വിരുദ്ധമായി എ.ജി. ഓഫീസ് പ്രവർത്തിക്കുന്നതായി പറയപ്പെടുന്നതിനെയും തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. മാത്യു റ്റി. തോമസ്, എസ്. ശർമ്മ, വി. എസ്. സുനിൽ കുമാർ, എ. കെ.ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി): സർ, അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. പി. ദണ്ഡപാണി ആ സ്ഥാനമേറ്റെടുത്തശേഷം കേരള സർക്കാർ എല്ലാ പ്രധാനപ്പെട്ട കേസുകളും വിജയിക്കുകയാണുണ്ടായത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 5 വർഷവും സാന്റിയാഗോ മാർട്ടിന്റെ കേസ് തോൽക്കുകയായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഡ്വക്കേറ്റ് ജനറൽ ആ

കേസ് നടത്തിയതിനാൽ ഇപ്പോഴും സാന്റിയാഗോ മാർട്ടിൻ കേരളത്തിന്റെ അതിർത്തിക്കുപുറത്താണ്. ഇപ്പോൾ അദ്ദേഹം കൊടുത്ത അപ്പീൽ ഡിവിഷൻ ബഞ്ചിൽ വാദം കേട്ടപ്പോഴും അഡ്വക്കേറ്റ് ജനറൽ തന്നെയാണ് ഹാജരായി വാദിച്ചത്. ഡൽഹിയിൽനിന്നുള്ള കുറെ വക്കീലൻമാരാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വന്നുകൊണ്ടിരുന്നത്. പക്ഷേ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആകെ രണ്ടുകേസുകളിലാണ് ........ അതിൽ പ്രധാനപ്പെട്ടത്, മദ്യനയം സംബന്ധിച്ച കേസിന്റെ എല്ലാ സ്റ്റേജിലും ശ്രീ. കെ. പി. ദണ്ഡപാണിയാണ് ഹാജരായത്. സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും സ്റ്റേ കൊടുത്തിരുന്നില്ല. സുപ്രീം കോടതിയിലും എ.ജി. തന്നെയാണ് ഹാജരായത്. ഒരു സീനിയർ അഡ്വക്കേറ്റിനെയും അവിടെ എൻഗേജ് ചെയ്തിരുന്നു. അവിടെയും സ്റ്റേ കൊടുത്തില്ല. പിന്നെ കേസിന്റെ ഫൈനൽ സ്റ്റേജിൽ ചില വാർത്തകൾ വന്നപ്പോൾ അദ്ദേഹം തന്നെ ഒരു സീനിയർ അഡ്വക്കേറ്റിനെ കൊണ്ടുവരണമെന്ന് പറഞ്ഞ സാഹചര്യത്തിൽ ശ്രീ. കപിൽ സിബലിനെ കൊണ്ടുവന്നു എന്നതൊഴിച്ചാൽ പ്രധാനപ്പെട്ട കേസുകളിലെല്ലാം ശ്രീ. കെ. പി. ദണ്ഡപാണി തന്നെ ഹാജരാകുകയും ആ കേസുകളിലെല്ലാം വിജയിക്കുകയും ചെയ്തിട്ടുണ്ട്. എനിക്ക് പൂർണ്ണ ബോധ്യമുള്ള കേസിനെക്കുറിച്ച് ചോദിച്ചാൽ

എന്റെ മനഃസാക്ഷിയനുസരിച്ച് അത് ന്യായീകരിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. ഞാനത് കാഷ്വലായി നടത്തിയ പരാമർശമല്ല, അഡ്വക്കേറ്റ് ജനറലിൽ പൂർണ്ണവിശ്വാസമുണ്ട്. അദ്ദേഹം കഴിഞ്ഞ 4 വർഷവും കേരളത്തിന്റെ താല്പര്യങ്ങളെല്ലാം പ്രൊട്ടക്റ്റ് ചെയ്തുകൊണ്ട് എല്ലാ കേസുകളിലും വിജയിക്കുകയാണ് ചെയ്തത്. അങ്ങനെയുള്ള അഡ്വക്കേറ്റ് ജനറൽ ഓഫീസിനെതിരെയുള്ള വിമർശനത്തോട് ഗവൺമെന്റിന് യോജിപ്പില്ല. പൂർണ്ണമായും ആ നിലപാട് തന്നെയാണ് ഗവൺമെന്റിനുള്ളത്. ശ്രീ. മാത്യു റ്റി. തോമസ് കൂടുതൽ പറഞ്ഞതിനുശേഷം ബാക്കി കാര്യങ്ങൾ പറയാം.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഹ്രസ്വമായിട്ടാണ് ഇതിനെതിരെ പ്രതികരിച്ചത്. പക്ഷേ പൊതുസമൂഹത്തിനു മുന്നിൽ ഏറ്റവും അപഹാസ്യനായി നിൽക്കുന്ന ഒരു അഡ്വക്കേറ്റ് ജനറലിന്റെ വക്കാലത്തെടുത്ത പ്രതിഭാഗം വക്കീലിന്റെ റോളിലാണ് മുഖ്യമന്ത്രി ഇവിടെ സംസാരിച്ചതെന്ന് വളരെ ഖേദപൂർവം പറയട്ടെ. തീർത്തും അസാധാരണമായ സംഭവ വികാസങ്ങളാണ് ഇന്നലെ ഹൈക്കോടതിയിലുണ്ടായത്. അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ചുപൂട്ടുന്നതാണ് നല്ലതെന്ന് ഹൈക്കോടതി വിമർശനം നടത്തുകയും അഡ്വക്കേറ്റ് ജനറലും സർക്കാർ വക്കീലൻമാരും വ്യത്യസ്തമായ

നാടകീയ രംഗങ്ങളിലൂടെ അതിനോട് പ്രതികരിക്കുകയും നിമിഷങ്ങൾക്കുള്ളിൽ മുഖ്യമന്ത്രി തിരുവനന്തപുരത്തുനിന്ന് അഡ്വക്കേറ്റ് ജനറലിനെ സാധൂകരിക്കുകയും ചെയ്തു. ഹൈക്കോടതിയുടെ പരാമർശവും അവിടെയുള്ള അഡ്വക്കേറ്റ് ജനറലിന്റെയും സർക്കാർ വക്കീലൻമാരുടെയും പ്രതികരണവും മുഖ്യമന്ത്രിയുടെ സാധൂകരണവുമെല്ലാം നീതിന്യായ വ്യവസ്ഥയിൽ അസാധാരണ സംഭവങ്ങളായി ഇന്നലെ കേരളത്തിൽ അരങ്ങേറി എന്നതാണ് പ്രശ്നം. അഡ്വക്കേറ്റ് ജനറൽ എന്നുപറയുന്നത് കേവലമൊരു സർക്കാർ വക്കീൽ മാത്രമല്ല. ഭരണഘടനയുടെ 165-ാം അനുച്ഛേദപ്രകാരം ഭരണഘടനാ സ്ഥാപനമാണ്. ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള ആളെയാണ് മന്ത്രിസഭയുടെ ശിപാർശ പ്രകാരം ഗവർണ്ണർ നിയമിക്കുന്നത്. ഒരു കേസ് നടത്തുക മാത്രമല്ല, ഗവർണ്ണർ ഏൽപ്പിക്കുന്ന നിയമപരമായ എല്ലാ വിഷയങ്ങളെക്കുറിച്ചും സർക്കാരിന് നിയമോപദേശം നൽകുക, നിയമസ്വഭാവമുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുക, നിയമപ്രകാരമോ ഭരണഘടനാപ്രകാരമോ നൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ അർപ്പിക്കുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ ബാധ്യതപ്പെട്ട ഒരു ഭരണഘടനാ സ്ഥാപനമാണ് അഡ്വക്കേറ്റ് ജനറൽ ഓഫീസ്. ഗവർണ്ണറുടെ

പ്ലഷർ ഉള്ളിടത്തോളംകാലം മാത്രമേ അദ്ദേഹത്തിന് തുടരാൻ കഴിയുകയുള്ളൂ. മന്ത്രിസഭയ്ക്ക് ഏതുസമയവും അദ്ദേഹത്തെ പിൻവലിക്കുകയും ചെയ്യാം. അദ്ദേഹത്തിന്റെ ശമ്പളം തീരുമാനിക്കാനുള്ള അവകാശവും ഗവർണ്ണർക്കാണ്. ഈയടുത്ത സമയത്താണ് 70000 രൂപയായിരുന്ന റീട്ടെയിനിംഗ് ഫീസ് 2 ലക്ഷം രൂപയായി, 2012 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിക്കുകയും 50 ലക്ഷം രൂപ കുടിശ്ശികയായി ഈ അഡ്വക്കേറ്റ് ജനറലിന് കൊടുക്കുകയും ചെയ്തത്. പൊതുവായ നീതിയെയും നിയമത്തെയും സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട ഉന്നതമായ ഈ ഭരണഘടനാ സ്ഥാപനം ഇപ്പോൾ വളരെ പരിതാപകരമായ അവസ്ഥയിലാണ്. നേരത്തെയും ഇവിടെ അഡ്വക്കേറ്റ് ജനറൽമാരുണ്ടായിരുന്നു. 1957-ൽ സൂര്യനാരായണ അയ്യർ, 1967-ൽ സുബ്രഹ്മണ്യം പോറ്റി, കെ. കരുണാകരന്റെ ഭരണകാലത്ത് സി. കെ. ശിവശങ്കരപ്പണിക്കർ, നാരായണൻ പോറ്റി ഉൾപ്പെടെയുള്ള പ്രഗത്ഭരായ അഡ്വക്കേറ്റുമാർ ഉണ്ടായിരുന്ന സ്ഥാപനത്തിനാണ് ഇപ്പോൾ ഏറ്റവും പരിതാപകരമായ അവസ്ഥ വന്നിരിക്കുന്നത്. നേരത്തെയും കോടതികൾ കേസ് നടത്തിപ്പിന്റെ കാര്യത്തിൽ സർക്കാരിനെ വിമർശിക്കാറുണ്ട്. പക്ഷേ ഒരു ഘട്ടത്തിൽപ്പോലും അഡ്വക്കേറ്റ് ജനറൽ ഓഫീസിനെയും സർക്കാർ

വക്കീലൻമാരെയും അടച്ചാക്ഷേപിക്കുന്ന തരത്തിൽ കോടതിയുടെ വിമർശനമുണ്ടായിട്ടില്ല. ഇത് ആദ്യമായി ഉണ്ടായ സംഭവമാണ്. ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട ഒരു വിഷയം കൈകാര്യം ചെയ്യുമ്പോൾ കോടതി പറഞ്ഞത് a noble intention is being prostituted എന്നാണ്. കഴിഞ്ഞ 6 മാസത്തെ ഓപ്പറേഷൻ കുബേരയുടെ റിപ്പോർട്ട് ഹൈക്കോടതി ഒന്നര മാസമായി ആവശ്യപ്പെടുന്നു. ഇന്നലെയും ആ കേസിന്റെ പോസ്റ്റിംഗുണ്ടായിരുന്നുവെങ്കിലും റിപ്പോർട്ട് കൊടുത്തില്ല. ലൈസൻസ് ഉണ്ടായിരുന്ന കോശി പണിക്കർ എന്നയാളെ ലൈസൻസ് ഇല്ല എന്നുപറഞ്ഞ് സി.ഐ പിടിച്ച എന്ന കേസ്, കൊടുങ്ങല്ലൂർ അബ്ദുൾ വധ കേസ്.......... കൊടുങ്ങല്ലൂർ അബ്ദുൾ വധ കേസിലും ഓപ്പറേഷൻ കുബേര കേസിലുമുള്ള കഴിഞ്ഞ 6 മാസത്തെ  വിശദാംശങ്ങൾ കോടതി മുമ്പാകെ ഹാജരാക്കണമെന്ന് ഹൈക്കോടതി ആവശ്യപ്പെടാൻ തുടങ്ങിയിട്ട് ഒന്നര മാസമായി. അത് കിട്ടാതെ വന്നപ്പോഴാണ് കോടതി വിമർശനം നടത്തിയത്. ഹൈക്കോടതിയുടെ ഒന്നാമത്തെ വിമർശനം അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ച് പൂട്ടണമെന്നും ഇത് കാര്യക്ഷമമല്ല എന്നുമാണ്. കോടതി ആവശ്യപ്പെടുന്ന രേഖകളും സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സും ലഭിക്കുന്നില്ല. ഹൈക്കോടതിയുടെ 90 ശതമാനം

കേസുകളിലും സർക്കാർ ഒരു ഭാഗത്ത് വക്കീലാണ്. ഏത് കേസിന്റെ വിവരങ്ങളാണ് ചോദിച്ചത് എന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന് വ്യക്തതയില്ല എന്നാണ് കോടതി പറഞ്ഞിരിക്കുന്നത്? കോടതിയുടെ ഉത്തരവുകൾ നടപ്പിലാക്കുന്നില്ല എന്നതാണ് ഒന്നാമത്തെ വിമർശനമായി പറഞ്ഞത്. രണ്ടാമത്തെ വിമർശനം, ഭൂരിഭാഗം സർക്കാർ വക്കീലൻമാരും അബ്കാരികളുടെയും കച്ചവടക്കാരുടെയും നോമിനികളാണ് എന്നാണ്. പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റല്ല നടന്നിരിക്കുന്നതെന്ന് ഞങ്ങൾ മാത്രമല്ല പറയുന്നത്, കോൺഗ്രസ് അനുകൂല സംഘടനയായ ലോയേഴ്സ് കോൺഗ്രസ് നിരവധി തവണ ഇങ്ങനെയല്ല ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കേണ്ടത് എന്നുപറഞ്ഞ് സംസ്ഥാനത്ത് പ്രമേയങ്ങൾ പാസാക്കി ഗവൺമെന്റിനുമുന്നിൽ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മൂന്നാമത്തെ വിമർശനം, സോളാർ കമ്മീഷനുമുന്നിൽപോയി സർക്കാരിനുവേണ്ടി കൃത്യമായി കേസ് നടത്താൻ ഈ വക്കീലൻമാർക്ക് താല്പര്യമുണ്ടല്ലോ എന്നുകൊണ്ട് ഞങ്ങൾ ചോദിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുന്നില്ല എന്നതാണ്. നാലാമത്തെ വിമർശനം, അറ്റോർണി ജനറലിനെ ചീഫ് മിനിസ്റ്റർ എന്തിന് വിമർശിക്കണം എന്നതാണ്. ആ വിമർശനത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നില്ല. അറ്റോർണി ജനറൽ

ബാർ കോഴ കേസിൽ ഹാജരായതിനെ ഞങ്ങൾ ന്യായീകരിക്കുന്നില്ല. അവിടെയുള്ള പ്രശ്നം, നിങ്ങളുടെ കേസ് ശരിയായി നടത്താതെ അറ്റോർണി ജനറലിനെ വിമർശിക്കാൻ നിങ്ങൾക്കെന്ത് അവകാശമാണുള്ളത്. പിന്നീടുള്ള വിമർശനമാണ് ഏറ്റവും രൂക്ഷമായത്, കേരളത്തിലെ അഡ്വക്കേറ്റ് ജനറൽ ഓഫീസ് തമിഴ്നാട്ടിലെ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ അവരുടെ പ്രവർത്തനം കണ്ടുപഠിക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. മുല്ലപ്പെരിയാർ കേസ് തമിഴ്നാട് എങ്ങനെയാണ് നടത്തിയതെന്ന് നിങ്ങൾ പരിശോധിക്കണമെന്ന് ഇവിടെ പറയുന്ന സ്ഥിതിയുണ്ടായിരിക്കുന്നു. സ്വകാര്യ വക്കീലൻമാരെ കേസ് ഏൽപ്പിക്കുന്നതായിരിക്കും ഇതിലും ഭേദമെന്ന് ഹൈക്കോടതി പറഞ്ഞിരിക്കുന്നു, അതിനോട് ഞങ്ങൾ യോജിക്കുന്നില്ല. പക്ഷേ അങ്ങനെ പറയാനായി കാര്യങ്ങൾ കൊണ്ടെത്തിച്ചതിന്റെ ഉത്തരവാദിത്വം അഡ്വക്കേറ്റ് ജനറൽ ഓഫീസിനും ഗവൺമെന്റിനുമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തും കോടതി ഇങ്ങനെ വിമർശിച്ചിട്ടുണ്ടെന്നും അതിന്റെ റെക്കോർഡുകൾ കൈവശമുണ്ടെന്നുമുള്ള മറുപടിയായിരിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. പക്ഷേ അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ചുപൂട്ടണമെന്നും കാര്യക്ഷമമല്ലെന്നും വക്കീലൻമാർ അബ്കാരികളുടെ

നോമിനിയാണെന്നും തമിഴ്നാട്ടിൽ പോയി അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ പ്രവർത്തനം പഠിക്കണമെന്നുമുള്ള രൂക്ഷമായ വിമർശനം ഒരു കാലഘട്ടത്തിലും കേരളത്തിലുണ്ടായിട്ടില്ല. ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെയുണ്ടായിരിക്കുന്നത്. വിമർശനം ഉണ്ടായപ്പോൾ എ.ജി., ഡി.ജി.പി.യെ വിളിച്ചുവരുത്തി, അഡ്വക്കേറ്റ് ജനറലും ഡി.ജി.പി. യും അഡീഷണൽ അഡ്വക്കേറ്റ് ജനറലുംകൂടി കോടതി ഹാളിൽ കടന്നിരുന്നു. അവർ കോടതിയിൽ സബ്മിഷനൊന്നും നടത്തുകയോ കോടതി അവരോട് എന്തെങ്കിലും ചോദിക്കുകയോ ചെയ്തില്ല. അര മണിക്കൂർ കഴിഞ്ഞ് അവർ ചീഫ് ജസ്റ്റീസിനെ കണ്ട് ഹൈക്കോടതി ജഡ്ജിയെക്കുറിച്ച് പരാതി പറഞ്ഞു. ചീഫ് ജസ്റ്റീസ് ഹൈക്കോടതി വക്കീലിന്റെ മേലധികാരിയൊന്നുമല്ല. He is the first among the equals, നിരവധി ആളുകളുള്ളതിൽ ഒന്നാമനായിരിക്കാം. ചീഫ് ജസ്റ്റിസിനെ കണ്ടതിനുശേഷം അവർ പുറത്തുവന്നപ്പോൾ അഡ്വക്കേറ്റ് ജനറലിനോട് വിവരങ്ങൾ ചോദിക്കുമ്പോൾ എനിക്കൊന്നും പറയാനില്ല എന്ന മറുപടിയാണ് പറയുന്നത്. അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെടുമ്പോൾ എല്ലാം മുഖ്യമന്ത്രി പറയുമെന്നും പിന്നെ മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടല്ലോ എന്നുമാണ് പറയുന്നത്. 5 മിനിട്ടായപ്പോൾ മുഖ്യമന്ത്രി

പ്രതികരണം അറിയിക്കുകയാണുണ്ടായത്. കാള പെറ്റുവെന്ന് പറഞ്ഞാൽ കയർ എടുക്കുന്ന നിലപാടിലേയ്ക്ക് മുഖ്യമന്ത്രി പോകാൻ പാടുണ്ടോ? അഡ്വക്കേറ്റ് ജനറൽ എന്നുപറഞ്ഞപ്പോൾ, എനിക്ക് പരിപൂർണ്ണ വിശ്വാസമുണ്ട് എന്നാണ് മുഖ്യമന്ത്രി പറയുന്നത്. എന്താണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതെന്ന് പരിശോധിക്കാനും അതിന്റെ മെരിറ്റ് നോക്കാനുമുള്ള ക്ഷമ അങ്ങ് കാണിച്ചോ? ഏതെല്ലാം കാര്യങ്ങളിലാണ് വിമർശനമെന്ന് നോക്കിയോ? അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെ ഞങ്ങൾ മാത്രമല്ല, ആ ഓഫീസ് കാര്യക്ഷമമല്ലെന്ന് 2014 ആഗസ്റ്റ് മാസം 14-ാം തീയതി സെക്രട്ടേറിയറ്റിന്റെ മുന്നിൽ നിന്ന് കെ.പി.സി. സി. പ്രസിഡന്റ് മൈക്കിലൂടെ പ്രസംഗിച്ചത് ഭരണപക്ഷത്തുള്ള എന്റെ സ്നേഹിതന്മാർ ഓർമ്മിക്കണം. ശ്രീ. റ്റി.എൻ. പ്രതാപൻ ഇപ്പോൾ ഇവിടെയില്ല. സർക്കാരിന്റെ ഭാഗം തോറ്റുകൊടുക്കുന്ന അഡ്വക്കേറ്റ് ജനറലാണ് ഇവിടെയുള്ളതെന്ന് നിരവധി തവണ ശ്രീ. റ്റി.എൻ. പ്രതാപൻ പറഞ്ഞിട്ടുണ്ട്. ആ അഡ്വക്കേറ്റ് ജനറലിനെ ഇങ്ങനെ പ്രതിരോധിക്കാൻ എന്തിനാണ് മുഖ്യമന്ത്രി ഇത്ര വെമ്പൽ കാട്ടിയത്. സി.എം. പറഞ്ഞിട്ടുണ്ട്, പിന്നെ എനിക്കെന്താണെന്നാണ് അഡ്വക്കേറ്റ് ജനറലിന്റെ മറുപടി. തന്റെ കൂടെ ജനങ്ങളും കോടതിയും നീതിയും ന്യായവും

വേണ്ട, മുഖ്യമന്ത്രി മാത്രം മതിയെന്ന നിലപാട് എടുക്കുന്ന അഡ്വക്കേറ്റ് ജനറൽ ആ സ്ഥാനത്തിന് ഭൂഷണമാണോ എന്നുള്ളതാണ് പ്രശ്നം. ഒരു പ്രതിബദ്ധതയും ഇല്ലാതെയാണ് അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ കേസ്സുകൾ തോറ്റുകൊടുക്കുന്നുവെന്ന പരാതി ഭരണപക്ഷത്തു നിന്നുപോലും നിരവധി തവണ വന്നിട്ടുണ്ട്. 90 ശതമാനം ഹൈക്കോടതി കേസ്സുകളിലും സർക്കാർ ആണ് ഒരു ഭാഗത്തെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചതാണ്. ആ കേസ്സുകളിൽ സർക്കാരിന് വേണ്ടി ഹൈക്കോടതിയിൽ ഹാജരാകാൻ ബാധ്യതപ്പെട്ട അഡ്വക്കേറ്റ് ജനറലിന്റെ ദണ്ഡപാണി അസോസിയേറ്റ്സ് എന്ന സ്വകാര്യ സ്ഥാപനം എതിർ കക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന നിരവധി സംഭവങ്ങൾ ഇവിടെ ഉണ്ടായി. പേരുകൾ പറയുന്നത് ശരിയല്ലെങ്കിലും അഡ്വക്കേറ്റ് ജനറലിന്റെ ഭാര്യയും മകളും അടങ്ങുന്ന ദണ്ഡപാണി അസോസിയേറ്റ്സ് സർക്കാരിനെതിരെയുള്ള കേസ്സുകളിൽ മറുഭാഗത്തിന് വേണ്ടി ഹാജരായതിന്റെ വിശദാംശങ്ങൾ ഈ സർക്കാർ പരിശോധിക്കാൻ തയ്യാറായിട്ടുണ്ടോ? മറ്റൊരു കേസ്സിൽ ശിപാർശയ്ക്ക് പോയപ്പോൾ ഹൈക്കോടതിയിലെ ജഡ്ജി ശിപാർശ കേൾക്കാൻ തയ്യാറായില്ലെന്ന് നമ്മൾ കേട്ടതാണ്. ഭരണഘടനാ സ്ഥാപനത്തിന്റെ അന്തസ്സും

മാന്യതയും വിശ്വാസ്യതയും നഷ്ടപ്പെടുത്തിയ ആളാണ് ആ സ്ഥാനത്തിരിക്കുന്നത്. സലിം രാജ് സസ്പെൻഷനിൽ പോയ പോലീസ് കോൺസ്റ്റബിളാണ്. ആ പോലീസ് കോൺസ്റ്റബിളിന്റെ ടെലിഫോൺ വിളികളുടെ രേഖ ഹാജരാക്കണമെന്ന് പറഞ്ഞപ്പോൾ വാക്കാൽ ചീഫ് ജസ്റ്റിസിനെ കണ്ട് കോടതിയിൽ നിന്ന് സ്റ്റേ വാങ്ങാൻ കാണിച്ച കാര്യക്ഷമത എന്തുകൊണ്ട് ഇത്തരം പൊതുകാര്യങ്ങളിൽ അഡ്വക്കേറ്റ് ജനറൽ കാണിക്കുന്നില്ലെന്നതാണ് പ്രശ്നം. വീതം വയ്ക്കൽ നിലവാരത്തിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ ഓഫീസ് താഴ്ന്നുപോയെന്നതാണ് ഇവിടത്തെ ആക്ഷേപം. ഒരു ന്യായാധിപന്റെ പ്രതിബദ്ധത പറയാൻ ശ്രമിക്കുകയുണ്ടായി. സമയക്കുറവ് കൊണ്ട് ഞാൻ ചുരുക്കുകയാണ്. പ്രതിബദ്ധതയുള്ള ന്യായാധിപന്മാർ മുമ്പും ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് പൊതുജനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഓഫീസാണ്. പക്ഷേ, സർക്കാർ ഹാജരാകേണ്ട കേസ്സുകളിൽ പരാജയപ്പെട്ടിരിക്കുന്നു. കേസ് നടത്തിപ്പിനപ്പുറത്തേയ്ക്ക് രാജ്യത്ത് നടപ്പിലാക്കേണ്ടുന്ന നീതിക്ക് വേണ്ടി നിലകൊള്ളുകയെന്ന ഉത്തരവാദിത്തം അഡ്വക്കേറ്റ് ജനറലിനുണ്ടെങ്കിലും അതും നടപ്പിലാക്കുന്നില്ല. സർക്കാരിന് തന്നെ ഒരു വ്യവഹാര നയമില്ല.

പൊതുതാൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല, സംരക്ഷിക്കപ്പെടുന്നത് വാണിജ്യ താൽപ്പര്യങ്ങൾ മാത്രമാണ്. വാണിജ്യ കച്ചവട താൽപ്പര്യങ്ങളും അബ്കാരി താൽപ്പര്യങ്ങളും സംരക്ഷിക്കുന്ന ഓഫീസെന്ന നിലയിലേയ്ക്ക് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് അധ:പതിച്ചുപോയി എന്നുള്ളതാണ് യാഥാർത്ഥ്യം. സർക്കാരോ ഭരണാധികാരികളോ നടത്തിയിട്ടുള്ള കോഴയ്ക്ക് വെള്ളപൂശാനുള്ളതല്ല അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്. നീതി ഈ രാജ്യത്ത് നടപ്പിലാക്കുന്നതിൽ പ്രധാനമായ പങ്ക് വഹിക്കാൻ, നിയമവാഴ്ച ഈ രാജ്യത്തുണ്ടെന്ന് ഉറപ്പുവരുത്താൻ ഉത്തരവാദിത്തപ്പെട്ട ഓഫീസ് ഇത്തരത്തിൽ തരംതാഴ്ന്നുപോയതിനെക്കുറിച്ചാണ് ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. അഡ്വക്കേറ്റ് ജനറലിന്റെ പ്രതിബദ്ധതയില്ലായ്മയും ആത്മാർത്ഥതയില്ലായ്മയും ആണ് കോടതി തുറന്ന് കാട്ടിയത്. പൊതുവായ നിയമവാഴ്ചയും നീതിയും സംരക്ഷിക്കേണ്ട അഡ്വക്കേറ്റ് ജനറൽ ഓഫീസ്, മന്ത്രിമാരുടെയും ഭരണക്കാരുടെയും വഴിവിട്ട പ്രവർത്തികളെ മാത്രം സംരക്ഷിക്കുന്ന ഓഫീസായി മാറി, അതിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തിയിരിക്കുകയാണ്. മുഖ്യമന്ത്രി ഇതിനെ പിന്തുണച്ചതിന്റെ പ്രത്യാഘാതം എന്താണ്? ഇത്തരം വഴിവിട്ട കാര്യങ്ങളെ സംരക്ഷിക്കുന്നതിൽ

മുന്നോട്ട് പോകാമെന്ന പച്ചക്കൊടിയാണ് മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുള്ളത്. അഡ്വക്കേറ്റ് ജനറൽ ആ കസേരയിൽ ഇരിക്കാൻ യോഗ്യനാണോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. ഏത് നാണക്കേട് സഹിച്ചും ഞാൻ ഈ കസേരയിൽ ഇരിക്കുമെന്ന് മുഖ്യമന്ത്രി ഒരുകൊല്ലം മുമ്പ് പ്രഖ്യാപിച്ചിരുന്നു. ഹൈക്കോടതിയിലെ ഒരു ജഡ്ജി ഇത്ര രൂക്ഷമായി വിമർശിച്ചതിനുശേഷവും അതേ നയത്തിൽ ഞാൻ ഈ കസേരയിൽ തന്നെ തുടരുമെന്ന് പറയുന്ന അഡ്വക്കേറ്റ് ജനറൽ സംസ്ഥാനത്തിന് ഭൂഷണമാണോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും പരിശോധിക്കണം. മുല്ലപ്പെരിയാർ കേസ് മുതൽ നിരവധി കേസ്സുകളിൽ സംസ്ഥാന താൽപ്പര്യത്തിന് വിരുദ്ധമായി കേസ് തോറ്റുകൊടുത്തുവെന്നത് ഈ നാട്ടിൽ എല്ലാവർക്കും അറിയാവുന്ന വിഷയമാണ്. തെറ്റായ നിയമോപദേശം നൽകിക്കൊണ്ട് എ.ജി. പ്രവർത്തിച്ചുവെന്ന് വ്യാപകമായ ആക്ഷേപമുണ്ട്. എ.ജി. യുടെ നിലപാടും സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യവും തമ്മിൽ മാച്ച് ആകുന്നില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് എ.ജി.ക്കെതിരെ വിമർശനമുണ്ടായിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എ.ജി. യുടെ നിലപാടും

സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യവും തമ്മിൽ മാച്ച് ആകുന്നില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് എ.ജി.ക്കെതിരെ വിമർശനമുണ്ടായിട്ടുണ്ട് എന്ന് ശ്രീ. മാത്യു റ്റി. തോമസിന്റെ നോട്ടീസിലും പറയുന്നുണ്ട്. ഞാൻ അന്വേഷിച്ചെങ്കിലും അങ്ങനെ ഒന്ന് ഉണ്ടായിട്ടില്ല. ഏത് ജഡ്ജ്മെന്റിൽ ഏത് ജഡ്ജിയാണ് പറഞ്ഞതെന്ന് ഇപ്പോൾത്തന്നെ അറിഞ്ഞാൽ കൊള്ളാം......(ബഹളം).....

ശ്രീ. മാത്യു റ്റി. തോമസ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇന്ന് തന്നെ ജഡ്ജ്മെന്റ് എത്തിച്ചുതരാം. ഞങ്ങൾ മാത്രമല്ല, എ.ജി.-യുടെ അധാർമ്മിക നടപടികൾക്കെതിരെ ബാർ കൗൺസിൽതന്നെ സർക്കാരിനും ഗവർണ്ണർക്കും പരാതി നൽകിയിട്ടുണ്ട്. എ.ജി. യുടെ പോസ്റ്റിൽ തുടരാൻ അദ്ദേഹം യോഗ്യനല്ലെന്ന് ഒരു ഭരണ കക്ഷി എം.എൽ.എ. തന്നെ പരസ്യമായി പറഞ്ഞിട്ടുണ്ട്. എന്നിട്ടും മുഖ്യമന്ത്രി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എ.ജി. യിൽ പരിപൂർണ്ണ വിശ്വാസമാണെന്നും അദ്ദേഹം കാര്യക്ഷമതയോടെയാണ് പ്രവർത്തിക്കുന്നതെന്നും മുഖ്യമന്ത്രി ഇന്ന് വീണ്ടും പ്രഖ്യാപിച്ചു. ഇത്രയും ധൃതിപിടിച്ച് എ.ജി. യെ ന്യായീകരിക്കാൻ തക്കവണ്ണം ഭരണഘടനാ ബാഹ്യമായ എന്ത് ബാദ്ധ്യതയാണ് എ.ജി. യും മുഖ്യമന്ത്രിയും തമ്മിൽ

ഉള്ളതെന്ന ആശങ്ക ഇവിടെ ശക്തിപ്പെടുകയാണ്. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങളെ മുൻനിർത്തി കോടതി നിരീക്ഷണത്തെ കാണാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ല. അതിൽ വ്യക്തിപരമായ അംശമല്ല എടുക്കേണ്ടത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുള്ള പരാമർശം, ഈ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുതാപരമായി പരിശോധിക്കേണ്ട മുഖ്യമന്ത്രി പരിശോധന നടത്താതെ ഏകപക്ഷീയമായി, ഉടനടി അദ്ദേഹത്തെ ന്യായീകരിച്ചുകൊണ്ടും അദ്ദേഹത്തിന്റെ കാര്യക്ഷമതയിൽ മതിപ്പും വിശ്വാസ്യതയും രേഖപ്പെടുത്തിക്കൊണ്ടും നടത്തിയ പ്രസ്താവന ഗുരുതരമായ സ്ഥിതിവിശേഷം സംസ്ഥാനത്ത് ഉളവാക്കിയിരിക്കുന്നു. അത് ചർച്ച ചെയ്യാൻ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട നിയമവകുപ്പ് മന്ത്രി സംസാരിക്കുന്നുണ്ടോ? .......(ബഹളം)..........

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : സർ, ശ്രീ. മാത്യു റ്റി. തോമസ് നൽകിയ നോട്ടീസിൽ ഇന്നലെ ജഡ്ജി മുഖ്യമന്ത്രിയെ വിമർശിച്ച പ്രധാന പോയിന്റിനെക്കുറിച്ച് പറഞ്ഞിട്ടില്ല. നോട്ടീസും വിശദീകരണ കുറിപ്പും ഞാൻ

പരിശോധിച്ചു. അദ്ദേഹത്തിന് രാഷ്ട്രീയമായി ആദ്യം കുറ്റപ്പെടുത്തേണ്ടത് മുഖ്യമന്ത്രിയെയാണ്. മുഖ്യമന്ത്രിയെ വിമർശിച്ചത് ഈ നോട്ടീസിലെങ്ങുമില്ല. എന്തായിരുന്നു ആ വിമർശനം? അറ്റോർണി ജനറലിനെ വിമർശിക്കാൻ മുഖ്യമന്ത്രിക്ക് എന്താണ് അവകാശം. .......(ബഹളം)...... അതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോയെന്ന് ഞാൻ ശ്രീ. മാത്യു റ്റി. തോമസിനോട് ചോദിക്കുന്നു. അതിനെക്കുറിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ എനിക്ക് നോട്ടീസ് തന്നിരുന്നു. മറുപടി പറയാൻ ഞാൻ തയ്യാറായി വന്നെങ്കിലും അന്ന് സഭാനടപടികൾ ഇല്ലാതിരുന്നതുകൊണ്ട് പറയേണ്ടിവന്നില്ല. നിങ്ങളുടെ അഭിപ്രായം എന്താണ്. സംസ്ഥാന ഗവൺമെന്റ് സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി എടുത്ത നിലപാടാണ് പുതിയ മദ്യനയം. ആ മദ്യനയത്തെ അനുകൂലിക്കാനുള്ള ധാർമ്മികമായ, നിയമപരമായ ബാധ്യത ....(ബഹളം)....

<u>മി. സ്പീക്കർ</u>: ഇത് ശരിയല്ല. ശ്രീ. മാത്യു റ്റി. തോമസ് സംസാരിച്ചപ്പോൾ എല്ലാവരും നിശബ്ദമായി കേട്ടതാണ്. എന്നിട്ട് അതിന് മറുപടി പറയാൻ അനുവദിക്കില്ലെന്ന് പറയുന്നത് ശരിയല്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, അത് ഞാൻ പറയും. അതിലേയ്ക്ക് വരട്ടെ. പക്ഷെ ബാദ്ധ്യതയുണ്ട്. കേന്ദ്രഗവൺമെന്റിന്റെ അറ്റോർണി ജനറൽ സംസ്ഥാന

ഗവൺമെന്റിനെതിരായി ഹാജരായതിനെ ഞാൻ ചോദ്യം ചെയ്തപ്പോൾ അറ്റോർണി ജനറലിനെ വിമർശിക്കാൻ മുഖ്യമന്ത്രി ആരാണെന്ന് ചോദിച്ചു. ഞാൻ വിമർശിക്കും, നാളെയും വിമർശിക്കും. അത് കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയാണ്. നമ്മുടെ ഇൻഡ്യയിൽ നിലനിൽക്കുന്ന ഫെഡറൽ സിസ്റ്റത്തിനെതിരായിട്ടുള്ള നടപടിയെ വിമർശിക്കും. അതിനുള്ള സ്വാതന്ത്ര്യവും അവകാശവും എനിക്കുണ്ട്, ആര് പറഞ്ഞാലും ഞാൻ ഇനിയും വിമർശിക്കും. ഞാൻ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്, അദ്ദേഹത്തിന് അത് കിട്ടിയതായിട്ടുള്ള മറുപടി എനിക്ക് വന്നിട്ടുണ്ട്. അത് സംബന്ധിച്ചുള്ള നടപടിയെന്തെന്ന് നോക്കിയിരിക്കുകയാണ്. എ.ജി.ക്കെതിരായിട്ടുള്ള വിമർശനം, ഞാൻ ശ്രീ. മാത്യു റ്റി. തോമസിനോട് ചോദിക്കട്ടെ, അങ്ങ് 14 മിനിട്ടെടുത്ത് സംസാരിച്ചല്ലോ, ഈ നാലു കൊല്ലത്തിനുള്ളിൽ എ. ജി. നടത്തിയ ഏത് കേസാണ് തോറ്റിട്ടുള്ളതെന്ന് പറയാമോ? സാന്റിയാഗോ മാർട്ടിൻ - ലോട്ടറിയുമായി ബന്ധപ്പെട്ട്, ഡോ. ടി. എം. തോമസ് ഐസക് അവിടെയുണ്ട്, നിങ്ങളുടെ കാലത്ത് ഡൽഹിയിൽനിന്ന് എത്ര വക്കീലന്മാരെ കൊണ്ടുവന്നു; എത്ര കോടിരൂപ ചെലവഴിച്ചു? ഇത് ഒരു വക്കീലും ഡൽഹിയിൽനിന്ന് വന്നില്ല, അഡ്വക്കേറ്റ് ജനറൽതന്നെയാണ് വാദിച്ചത്. സാന്റിയാഗോ മാർട്ടിൻ നാലുകൊല്ലത്തിനുള്ളിൽ ഈ കേരളത്തിന്റെ അതിർത്തിയിൽ കയറിയിട്ടില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, എന്താണ് അന്നും ഇന്നും തമ്മിലുള്ള വ്യത്യാസം? അന്ന് നിങ്ങൾ മുഖ്യമന്ത്രിയായിരിക്കുമ്പോൾ കേരളം എത്ര തവണ ആവശ്യപ്പെട്ടിട്ടും കേന്ദ്രസർക്കാർ ഈ സാന്റിയാഗോ മാർട്ടിനും സിക്കിമിലെ അനധികൃത ലോട്ടറിക്കുമെതിരായി ഒരു നിലപാടെടുക്കാൻ തയ്യാറായില്ല, എന്നാൽ നിങ്ങൾ അധികാരത്തിൽ വരുന്നതിനുതൊട്ടുമുമ്പ് അത്തരം നിലപാടെടുക്കാൻ നിർബന്ധിതമായിത്തീർന്നു. കേന്ദ്ര സർക്കാർ ആ നിലപാട് എടുത്തതുകൊണ്ടാണ്, അല്ലാതെ ശ്രീ. ദണ്ഡപാണിയുടെ വാദമല്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, അതുപറഞ്ഞ്, ഡോ. ടി. എം. തോമസ് ഐസകിന് ആശ്വസിക്കാം. നിങ്ങളുടെ കാലത്ത് കേരളാ ലോട്ടറിയെന്ന് പറഞ്ഞാൽ സാന്റിയാഗോ മാർട്ടിൻ, ഇന്ന് കേരളാ ലോട്ടറിയെന്ന് പറഞ്ഞാൽ ശ്രീ. കെ. എം. മാണിയുടെ കാരുണ്യ ബെനവലന്റ് ഫണ്ടാണ്. ഇതാണ് വ്യത്യാസം. ഡോ. ടി. എം. തോമസ് ഐസക്, അതിന് കേന്ദ്രനിയമമൊന്നും വന്നില്ലല്ലോ; ശ്രീ. കെ. എം. മാണി കേന്ദ്രനിയമം കൊണ്ടുവന്നിട്ടാണോ കാരുണ്യ ലോട്ടറി ഇവിടെ കൊണ്ടുവന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ആര് ഭരിച്ചാലും ലോട്ടറിയുടെ പണം കേരളത്തിന് പുറത്തല്ല കൊടുക്കുന്നത്, അതിന്റെ ലാഭം കാരുണ്യയുടെ പേരിൽ

അല്ലെങ്കിൽ സഹകരണത്തിനുവേണ്ടിയുള്ള വകുപ്പിന്റെ പേരിൽ, സ്പോർട്സിനുവേണ്ടി ഇങ്ങനെയുള്ള ആവശ്യങ്ങൾക്ക് അന്നുമുപയോഗിച്ചു, ഇന്നുമുപയോഗിച്ചു, നിങ്ങളിന്ന് പേര് കൊടുത്തു. ഇതിൽ ഇത്ര വലിയ കേമത്തം എന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ കരുതിയത് അങ്ങ് പറയുമ്പോൾ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനെതിരായി വന്ന, ശ്രീ. ദണ്ഡപാണി നടത്തിയുള്ള കുറേ കേസുകൾ ഇവിടെ പറയുമെന്നാണ്. ഞങ്ങൾ പുറത്തുനിന്ന് ഒരാളെയും കൊണ്ടുവന്നിട്ടില്ല. എന്നാൽ മദ്യനയത്തിന്റെ കേസിന്റെ അവസാന ഘട്ടത്തിൽ ഡൽഹിയിൽനിന്ന് ഒരാളെ കൊണ്ടുവന്നു. അതിനൊരു കാരണമുണ്ട്, ഞാനത് തുറന്നുപറയാം. അങ്ങിവിടെ സൂചിപ്പിച്ചു, ഭരണകക്ഷിയിലെ ഒരു എം.എൽ.എ. വിമർശിച്ചു. ശരിയാണ്. ശ്രീ. റ്റി. എൻ. പ്രതാപൻ വിമർശിച്ചു. ആ വിമർശനത്തോട് ഗവൺമെന്റിന് യോജിപ്പില്ല. പക്ഷെ, ആ വിമർശനം വന്നപ്പോൾ അഡ്വക്കേറ്റ് ജനറൽ പറഞ്ഞു, ഇങ്ങനെയൊരു വിമർശനം വന്ന സാഹചര്യത്തിൽ നമുക്ക് ഡൽഹിയിൽനിന്ന് ആരെയെങ്കിലും കൊണ്ടുവരണമെന്ന്. അദ്ദേഹം നിർബന്ധിച്ചിട്ടാണ് ശ്രീ. കപിൽ സിബലിനെ കൊണ്ടുവന്നത്. ഈ നാലുകൊല്ലക്കാലത്തെ എല്ലാ കേസുകളും ജയിച്ചിട്ടുണ്ട്. പിന്നെ ശ്രീ. മാത്യു റ്റി.

തോമസ് കാര്യക്ഷമത കുറഞ്ഞുവെന്ന് പറഞ്ഞു, കാര്യക്ഷമത കുറയുകയല്ല, കൂടിയതാണ് ഇതിന്റെയൊക്കെ പ്രധാനപ്പെട്ട കാരണം. മനസ്സിലാക്കണം. പ്രതിപക്ഷനേതാവിനെതിരായിട്ടുള്ള ഒരു കേസിൽ അദ്ദേഹം സ്റ്റേ വാങ്ങിയപ്പോൾ അന്നേ ദിവസംതന്നെ ഉച്ചകഴിഞ്ഞപ്പോൾ ആ സ്റ്റേയ്ക്ക് എതിരായിട്ടുള്ള സ്റ്റേ അഡ്വക്കേറ്റ് ജനറൽ വാങ്ങി. അതുപോലെതന്നെ, ഒരു വിധി, ഇന്നുവരെയില്ലാത്ത വിധി, വിജിലൻസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ഒരു വിധി വന്നു. നമുക്ക് സ്വാതന്ത്ര്യം കിട്ടിയകാലംമുതലിങ്ങോട്ട് തുടരുന്ന ഒരു വ്യവസ്ഥിതിയാണ്. അതിനൊരു മാറ്റം വരുത്തണമെങ്കിൽ ജനാധിപത്യശൈലിയിൽ ഒരു ചർച്ച വേണ്ടേ, പ്രതിപക്ഷത്തിന്റെ അഭിപ്രായംകൂടി അറിയണ്ടേ; ഭരണകക്ഷിയിൽപ്പെട്ടവരുടെ അഭിപ്രായങ്ങൾ അറിയണ്ടേ? ഒരു ജഡ്ജ്മെന്റ് ഉടൻ നടപ്പിലാക്കിക്കൊള്ളണമെന്ന് പറഞ്ഞ് ഒരു അമിക്കസ് ക്യൂറിയെ നിയമിച്ചു, ആരെയാണ് നിയമിച്ചിത്; അതൊക്കെ എറണാകുളം ഹൈക്കോടതിയിൽ പാട്ടാണ്. ഒരു അമിക്കസ് ക്യൂറി, ഇതാണോ ജനാധിപത്യം; അത് ഒരു കാരണവശാലും ഈ ഗവൺമെന്റ് അനുവദിക്കുന്ന പ്രശ്നമില്ല. അഡ്വക്കേറ്റ് ജനറൽ പോയി അപ്പീൽ കൊടുത്തു, സ്റ്റേ വാങ്ങി. അപ്പോൾ കാര്യക്ഷമതയില്ലാത്തതു കൊണ്ടല്ല, അഡ്വക്കേറ്റ് ജനറലിന്റെ കാര്യക്ഷമതയിൽ അസ്വസ്ഥതകൊള്ളുന്നവരാണ് ഇന്നുള്ളത് എന്നതാണ് കാരണം. ... (ബഹളം)

അങ്ങ് ഈ നോട്ടീസിനകത്ത് പറഞ്ഞിട്ടുണ്ട്, ബാർ കൗൺസിൽതന്നെ സർക്കാരിനും ഗവർണ്ണർക്കും എ.ജി.യുടെ അധാർമ്മിക നടപടിക്കെതിരെ പരാതി നൽകുകയുണ്ടായിട്ടുണ്ടെന്ന്. പരാതി ബാർ കൗൺസിൽ നൽകിയിട്ടില്ല. ഈ നിയമസഭയിൽ ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുമ്പോൾ ആരെങ്കിലും എഴുതിതരുന്നതിന്റെ അടിയിൽ ഒപ്പിടുന്നത് ശരിയാണോ ശ്രീ. മാത്യു റ്റി. തോമസ്? അങ്ങയോട് ഇതാര് പറഞ്ഞു? ഒരു വക്കീൽ ബാർ കൗൺസിലിൽ കൊണ്ട് പരാതി കൊടുത്തു. ഒരു വക്കീൽ, ബാർ കൗൺസിലിൽ പരാതി കൊടുത്താൽ, ബാർ കൗൺസിൽതന്നെ സർക്കാരിനും ഗവർണ്ണർക്കും എ.ജി.യുടെ അധാർമ്മിക നടപടികൾക്കെതിരെ പരാതി നൽകിയിട്ടുണ്ടെന്ന് എഴുതുന്നത് ശരിയാണോ? അങ്ങ് തന്നെ... വക്കീലുമെല്ലാം ഒരു കൂട്ടർ തന്നെ. ഈ വിജിലൻസിനെ സംബന്ധിച്ച് വിധി പറയുന്നതും അമിക്കസ് ക്യൂറിയെ വയ്ക്കുന്നതുമെല്ലാം ഒന്നുതന്നെയാണ്. പിന്നെ, എ.ജി.യുടെ നിലപാടും സംസ്ഥാനത്തിന്റെ നിലപാടും മാച്ച് ചെയ്യുന്നില്ലായെന്ന് മറ്റൊരു കേസിൽ നേരത്തെ ഹൈക്കോടതിയിൽനിന്ന് എ.ജി.ക്കെതിരെ വിമർശനം ഉണ്ടായതാണ്. അതാണ് ഞാൻ നേരത്തെ ചോദിച്ചത്, അങ്ങ് ഇന്നുതന്നെ എനിക്ക് തരാമെന്ന് പറഞ്ഞു. അദ്ദേഹം എഴുതിതന്നതാണ്, പക്ഷെ അദ്ദേഹത്തിനത് അറിയില്ല. ആരോ എഴുതിക്കൊടുത്തതിന്റെ അടിയിൽ

ഒപ്പിട്ടുവെന്നേയുള്ളൂ.... (ബഹളം)

മി. സ്പീക്കർ: യെസ്.. യെസ്. പ്ലീസ്.. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പിന്നെ ജഡ്ജി തന്നിരിക്കുന്ന ഒരു ഉപദേശം, തമിഴ്നാട്ടിൽ കേസ് നടത്തുന്നത് പോയി പഠിക്കണമെന്നതാണ്. പ്രിയപ്പെട്ട മാത്യു റ്റി. തോമസ്, തമിഴ്നാടിന്റെ എല്ലാ മോഡലും വേണോ എന്ന് നിങ്ങൾ കാര്യങ്ങൾ പഠിച്ചിട്ടുവേണം തീരുമാനിക്കാൻ. ... (ബഹളം..) തമിഴ്നാട്ടിൽ ബലാത്സംഗ കേസുവരെ കോംപ്രമൈസ് ചെയ്യണമെന്നുള്ള നിലയിൽ ഹൈക്കോടതി ഉത്തരവുണ്ടാവുകയും അത് സുപ്രീംകോടതി സ്റ്റേ ചെയ്യുകയും ചെയ്തു. ബലാത്സംഗകേസ് ഒത്തുതീർപ്പിലാക്കണമെന്നുള്ള ഒരു സമീപനം എടുക്കണ്ടെ, അങ്ങനെയുള്ളതിനോടൊന്നും ഞങ്ങൾക്ക് യോജിപ്പില്ല. ... (ബഹളം) കേസുകൾ എല്ലാംതന്നെ വിജയിച്ചിട്ടുണ്ട്. കാര്യക്ഷമതയോടുകൂടിത്തന്നെയാണ് ആ ഓഫീസ് വർക്ക് ചെയ്യുന്നത്. നിങ്ങളുടെ ഭരണകാലത്തെ അഞ്ചുകൊല്ലം നിങ്ങൾതന്നെ പരിശോധിച്ചാൽ മതി. പുറത്തുനിന്ന് അഡ്വക്കേറ്റുമാരെ കൊണ്ടുവന്ന് എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് നിങ്ങൾ നോക്കിയാൽമതി. എത്ര കോടി രൂപ നിങ്ങൾ ചെലവഴിച്ചു. പിന്നെ ജഡ്ജി നടത്തിയ വേറെ വിമർശനം, സോളാർ കേസിലാണ്

താൽപ്പര്യം. ഹൈക്കോടതിയിൽ സോളാറിന്റെ ഒരു കേസുമില്ല. ഒരു കേസുമില്ല....

(ബഹളം)

മി. സ്പീക്കർ: യെസ്.. പ്ലീസ്..

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ആരും....

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾ ഈ അടിയന്തരപ്രമേയത്തിലൂടെ ഉന്നയിച്ചിട്ടുള്ളത് ഹൈക്കോടതി ജഡ്ജിയുടെ നിരീക്ഷണങ്ങൾ ശരിയാണോ അല്ലയോ എന്നതാണ്. അതിനെക്കുറിച്ചാണ് അങ്ങ് പറയേണ്ടത്. അങ്ങ് അതല്ല പറയുന്നത്. അങ്ങ് പറയുന്നത് വേറെ വിഷയങ്ങളാണ്. .......(ബഹളം)........

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ജഡ്ജി പറഞ്ഞ ഓരോ പോയിന്റിനും ഞാൻ മറുപടി പറയുകയായിരുന്നു. കാര്യക്ഷമത ഇല്ലെന്നുപറഞ്ഞാൽ....., കാര്യക്ഷമതയുണ്ട്. നാലുകൊല്ലത്തിനുള്ളിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ പറയണം. നിങ്ങൾ ഭരിച്ച അഞ്ചുകൊല്ലക്കാലം പുറത്തുനിന്ന് വക്കീലന്മാരെ കൊണ്ടുവന്നതിന് എത്ര കോടി രൂപ ചെലവായി. ഇവിടെ മദ്യനയത്തിന്റെ കേസിൽ അവസാന ഘട്ടത്തിൽ ശ്രീ. കബിൽ സിബിലിനെ വിളിച്ചു. മറ്റൊരു കേസിലും ഒരു സീനിയർ അഡ്വക്കേറ്റിനെ കൊണ്ടുവന്നു. ....(ബഹളം).....

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി): സർ, .......(ബഹളം)........ അഡ്വ. രതീഷ് ഗുപ്തയ്ക്ക് ഒരു കോടി അറുപത്തിരണ്ട് ലക്ഷം രൂപയാണ് നിങ്ങൾ കൊടുത്തത്. അഞ്ച് ലക്ഷം രൂപ മാത്രമേ കൊടുക്കാവൂ എന്ന് നിയമവകുപ്പ് പറഞ്ഞിരുന്നു. എന്നിട്ടും ഒരു കോടി അറുപത്തിരണ്ട് ലക്ഷം രൂപ കൊടുത്തവരാണ് നിങ്ങൾ. ........(ബഹളം).......

മി. സ്പീക്കർ : നിങ്ങൾ ഇങ്ങനെയൊരു സമീപനമെടുക്കുന്നത് ശരിയല്ല. യഥാർത്ഥത്തിൽ ഇന്നത്തെ അടിയന്തരപ്രമേയത്തിന് മറുപടി പറയേണ്ടത് നിയമവകുപ്പുമന്ത്രിയാണ്. .......(ബഹളം)....... അങ്ങനെയാണെങ്കിൽ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുക്കരുതായിരുന്നു. നിങ്ങൾ പറഞ്ഞതനുസരിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നത്. എന്നിട്ട് ഇങ്ങനെ ശബ്ദമുണ്ടാക്കുന്നത് ശരിയല്ല. പ്ലീസ്..... പ്ലീസ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഈ വിമർശനങ്ങളൊക്കെ വന്നതെങ്ങനെയാണ്? ഒരു കേസെടുത്തപ്പോഴാണ്. ഒരാൾ കള്ളുകുടിച്ച് അശ്രദ്ധയോടുകൂടി കാർ ഓടിച്ചു എന്ന് 2013 ജൂണിൽ പോലീസ് ചാർജ്ജ് ചെയ്തൊരു കേസാണ്. ആ കേസിൽ പോലീസ് പരിശോധന നടത്തിയപ്പോൾ കള്ളുകുടിച്ചു എന്നത് ശരിയല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആ കുറ്റം ഒഴിവാക്കി അശ്രദ്ധയോടുകൂടി കാറോടിച്ചു എന്ന് കേസ്സാക്കി. അശ്രദ്ധയോടുകൂടി കാർ ഓടിച്ചു എന്ന കേസ്

പിൻവലിക്കണം, എന്നെ കുറ്റവിമുക്തനാക്കണമെന്നുപറഞ്ഞ് ആ വ്യക്തി കേസുകൊടുത്തു. കോടതിയിൽ ആ കേസ്സെടുത്തപ്പോൾ ജഡ്ജിയുടെ ആദ്യത്തെ കമന്റ് എന്തെന്നാൽ, 'ഇദ്ദേഹത്തെ എനിക്ക് നേരിട്ടറിയാം, ഇദ്ദേഹം അങ്ങനെ ചെയ്യുന്നൊരാളല്ല' എന്നാണ്. ശ്രീ. മാത്യൂ റ്റി. തോമസ്, അങ്ങനെയാണ് ജഡ്ജിയുടെ അഭിപ്രായമെങ്കിൽ ആ കേസ് ഈ ജഡ്ജി കേൾക്കാമോ?

ശ്രീ. മാത്യൂ റ്റി. തോമസ് : സർ, അങ്ങ് ഇത് എന്നോട് ചോദിക്കുന്നത് കേട്ടാൽ ആ നടപടികൾക്ക് മുഴുവൻ ജഡ്ജിക്ക് നിർദ്ദേശം കൊടുത്തത് ഞാനാണെന്ന് തോന്നും. ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന അങ്ങ് എന്നെപ്പോലെയൊരു സാധാരണ അംഗത്തോട് ആ കോടതിയിൽ നടന്നത് ഇങ്ങനെയാണോ എന്നുചോദിച്ചാൽ ഞാൻ എന്ത് മറുപടി പറയാനാണ്; അങ്ങയുടെ കയ്യിലല്ലേ വിവരങ്ങളുള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് വളരെ ആധികാരികമായി എഴുതി നോട്ടീസ് തന്നതുകൊണ്ടാണ് ഞാൻ അങ്ങയോട് ചോദിക്കുന്നത്. അങ്ങ് ഈ കാര്യങ്ങളിൽ അജ്ഞനാണെങ്കിൽ ഞാൻ ചോദിച്ചത് പിൻവലിച്ചിരിക്കുന്നു. അങ്ങ് ഒരു വക്കീലല്ലേ. 'എനിക്ക് ഇദ്ദേഹത്തെ നേരിട്ട് അറിയാം, ഇദ്ദേഹം ഇങ്ങനെ ചെയ്യില്ല' എന്നുപറഞ്ഞിട്ട് വിമർശിക്കുകയാണ്. എന്താണ് വിമർശനമെന്നാൽ, ശ്രീ. എം. കെ.

ദാമോദരനായിരുന്നുവെങ്കിൽ എ. ജി. പറയുന്നതുപോലെ പോലീസ് പ്രവർത്തിക്കുമായിരുന്നു എന്നാണ് പറഞ്ഞത്. ശ്രീ. മാത്യു റ്റി. തോമസ്, ഇവിടെ ഗവൺമെന്റും ആഭ്യന്തരമന്ത്രിയും പറയുന്നത് കേൾക്കാനാണ് പോലീസ്. അല്ലാതെ അഡ്വക്കേറ്റ് ജനറൽ പറയുന്നത് അനുസരിച്ച് പ്രവർത്തിക്കാനല്ല. ......(ബഹളം)......

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്......

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഈ കേസിൽ ഓപ്പൺ കോർട്ടിൽ ജഡ്ജി പറഞ്ഞതാണിത്. ഇത് ശരിയാണോ?

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഞാൻ അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് പ്രസംഗിച്ചപ്പോൾ വളരെ കൃത്യമായി പറഞ്ഞത് എനിക്ക് കിട്ടിയ വിവരങ്ങളാണ്. ഇന്നലെ പല വാർത്താ മാധ്യമങ്ങളിലും പറഞ്ഞത്, ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട ഒരു കേസിലെ ആറുമാസത്തെ റിപ്പോർട്ട് ഒന്നരമാസത്തിനുമുമ്പ് ചോദിച്ചിരുന്നു, ഇന്നലെ പോസ്റ്റിംഗ് വച്ചിട്ടും ഇന്നലെയും റിപ്പോർട്ട് കൊടുക്കാതിരുന്നപ്പോൾ ജഡ്ജി നടത്തിയ പരാമർശങ്ങളാണെന്നാണ് ഞാൻ മനസ്സിലാക്കിയത്. അങ്ങ് പറയുന്ന കേസിനെക്കുറിച്ച് എനിക്ക് അറിവില്ല, ആരും പറഞ്ഞും കേട്ടില്ല, ഒരു മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിയുടെ

ഇന്നലത്തെ പരാമർശമാണ് ഞാൻ പറയുന്നത്. ഓപ്പറേഷൻ കുബേരയെക്കുറിച്ച് അദ്ദേഹം പറഞ്ഞത് 'ആന്റി കുചേല'യാണെന്നാണ്. ആണോ, നിങ്ങൾ അങ്ങനെ വിശ്വസിക്കുന്നുണ്ടോ? ബ്ലേഡ് മാഫിയകളുടെ പിടിയിൽനിന്നും നിസ്സഹായരായ കുടുംബങ്ങളെയും വ്യക്തികളെയും മോചിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് 2014 മെയ് മാസം 11- ന് അരംഭിച്ച കർമ്മ പരിപാടിയാണ് 'ഓപ്പറേഷൻ കുബേര'. ഇതനുസരിച്ച് 2112 പേരെ ഇതുവരെ അറസ്റ്റു ചെയ്തിട്ടുണ്ട്.  കേരള സമൂഹത്തിന്റെ മൊത്തത്തിലുള്ള സഹകരണവും പിന്തുണയും ഈ ഓപ്പറേഷനുണ്ട്. ബ്ലേഡ് മാഫിയയുടെ പ്രവർത്തനം ഗണ്യമായി കുറഞ്ഞിട്ടുണ്ടെങ്കിലും ഒറ്റപ്പെട്ട നിലയിൽ അമിത പലിശക്കാർ വീണ്ടും തലപൊക്കാൻ ശ്രമിക്കുന്നുണ്ട്. അവരെയും അമർച്ച ചെയ്യാനുള്ളതാണ് ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം. അതിന് 'ആന്റി കുചേല' എന്നാണ് അദ്ദേഹം വിമർശിച്ചത്. അതൊക്കെ വളരെ നിർഭാഗ്യകരമായിട്ടുള്ള സംഗതികളാണ്. ഒരു വ്യക്തിയും വലിയ സ്ഥാനങ്ങളിലേക്ക് ജനിച്ചുവീഴുന്നവരല്ല. എല്ലാവരും നിരന്തരമായി പ്രവർത്തിക്കുന്നതിന്റെ ഫലമായി ഓരോ സ്ഥാനത്തെത്തുന്നതാണ്. ഏത് സ്ഥാനത്തെത്തിയാലും വന്ന വഴി മറക്കരുത്. പക്ഷെ, എത്തിപ്പെടുന്ന സ്ഥാനത്തിന്റെ മഹത്വവും അതിന്റെ ഉത്തരവാദിത്വവും വിസ്മരിക്കരുത്. അങ്ങനെ പ്രവർത്തിച്ചാലെ ആ വ്യക്തിക്ക് ആ

സ്ഥാനത്തിനനുസരിച്ചുള്ള അംഗീകാരവും സംരക്ഷണവുമൊക്കെ ലഭിക്കുകയുള്ളൂ. അത് മറന്നുപ്രവർത്തിച്ചാൽ അത് സമൂഹത്തിനുതന്നെ ദോഷം ചെയ്യും. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല എന്നുവ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, എന്ത് നെറികെട്ട സർക്കാരാണിത്? സർക്കാരിന്റെ വൃത്തികെട്ട നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി അതിരൂക്ഷമായി വിമർശിച്ചിട്ടുപോലും മുഖ്യമന്ത്രിക്കൊരു നാണവുമില്ല. അതും അദ്ദേഹം ഒരു തണലായെടുത്തിരിക്കുകയാണ്. ചക്കിക്കൊത്ത ചങ്കരൻ എന്നുപറയുന്നതുപോലെയാണ് ശ്രീ. ഉമ്മൻ ചാണ്ടിക്കു പറ്റിയ അഡ്വക്കേറ്റ് ജനറൽ. അഹോ.. കഷ്ടം തന്നെ! ശ്രീ. ഉമ്മൻ ചാണ്ടിക്കും കൂട്ടർക്കും നേരെ എത്രതവണയാണ് ഹൈക്കോടതി വടിയെടുത്തിരിക്കുന്നത്. മുമ്പൊക്കെ ചില കേസ് നടത്തിപ്പിൽ കാട്ടിയ വീഴ്ചകളും കേസ് തേച്ചുമായ്ച്ചുകളയാൻ നടത്തിയ കള്ളക്കളികളും ചൂണ്ടിക്കാട്ടി വിമർശിച്ചിരുന്നു. എന്നാൽ ഇന്നലത്തെ വിമർശനം

അതുപോലെയായിരുന്നോ? ആറു പതിറ്റാണ്ടോളമെത്തുന്ന ഐക്യകേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെകേട്ടിട്ടില്ലാത്ത രൂപത്തിലും ഭാവത്തിലുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഈ മുഖ്യമന്ത്രിക്കും അദ്ദേഹം അവരോധിച്ചിരിക്കുന്ന അഡ്വക്കേറ്റ് ജനറലിനുമെതിരെ പ്രതികരണം നടത്തിയിരിക്കുന്നത്; നാണമില്ലേ; ഈ മുഖ്യമന്ത്രിക്കും എ.ജി.-യ്ക്കും അവരുടെ കസേരകളിൽ അള്ളിപ്പിടിച്ചിരിക്കാൻ? ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി, താങ്കൾക്ക് കേരള ജനതയോട് അൽപ്പമെങ്കിലും കടപ്പാടുണ്ടെങ്കിൽ ഭരണഘടനാ സ്ഥാപനത്തിന് അപമാനമായ ഈ എ.ജി.യെ പുറത്താക്കണം. സർക്കാരിന്റെ കേസുകൾ കൃത്യമായി നടത്തുകയല്ലേ എ.ജി.യുടെ ഓഫീസ് ചെയ്യേണ്ടത്? ആ പണി ചെയ്യാൻ ഈ എ.ജി.ക്കും അദ്ദേഹത്തിന്റെ കൂടെയുള്ള 120 അഭിഭാഷകർക്കും കഴിയുന്നില്ലെന്നാണ് ഹൈക്കോടതി പറഞ്ഞത്. ഇക്കൂട്ടർ അബ്കാരി ഗ്രൂപ്പുകളുടെയും ബിസിനസ്സ് ഗ്രൂപ്പുകളുടെയും ദല്ലാളൻമാരെപ്പോലെയാണ് പ്രവർത്തിക്കുന്നതെന്നും കോടതി പറഞ്ഞില്ലേ; എ.ജി.യുടെ ഓഫീസ് പൂട്ടിക്കെട്ടുന്നതാണ് നല്ലതെന്ന് പച്ചയായ ഭാഷയിലല്ലേ കോടതി പറഞ്ഞിരിക്കുന്നത്; എന്നുപറഞ്ഞാൽ, ഓഫീസ് പൂട്ടിക്കെട്ടി എ.ജി.

കൂടെയുള്ളവരെയുംകൊണ്ട് വേറെ വല്ല പണിക്കും പോകുന്നതാണ് നല്ലതെന്നല്ലേ കോടതി പറഞ്ഞിരിക്കുന്നത്? ഹൈക്കോടതി മുഖ്യമന്ത്രിക്ക് നൽകിയ ഈ ഉപദേശം നമ്മുടെ അയലത്തെ മുഖ്യമന്ത്രിയായ ജയലളിതയെ കണ്ടുപഠിക്കണമെന്നാണ്. പ്രിയപ്പെട്ട ഉമ്മൻചാണ്ടി, അങ്ങ് ഈ എ.ജി.യെയും കൂടെയുള്ള 120 പടയാളികളെയും തമിഴ്നാട്ടിലേയ്ക്ക് വിടണം. അവിടെ പോയി അവർ പഠിച്ചിട്ട് വരട്ടെ. മുഖ്യമന്ത്രിയുടെയും അദ്ദേഹം തീറ്റിപ്പോറ്റുന്ന എ.ജി.യുടെയും ചെകിടടച്ച് കോടതി കൊടുത്തിരിക്കുന്ന അടിയല്ലേ ഇത്? എന്നിട്ടും ഇക്കൂട്ടർ ഇളിച്ചുകൊണ്ടിരിക്കുകയാണ്. മഹാ... കഷ്ടം! ഇങ്ങനെ കരണത്തടികിട്ടിയിട്ടും ഇന്നലെ ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്, എ.ജി. എല്ലാം വളരെ ഭംഗിയായി നടത്തുന്നുവെന്നാണ്. ശരിയാണ്, എ.ജി. എല്ലാം നടത്തുന്നുണ്ട്. അതെല്ലാം ശ്രീ. ഉമ്മൻചാണ്ടിയുടെയും കൂട്ടരുടെയും അഴിമതികളും വൃത്തികെട്ട നടപടികളും കോടതിയുടെ മുൻപാകെ വരുന്നതിന് തടയിടുന്നതിലാണ്. സോളാർ കേസിലും സലീം രാജിന്റെ ഭൂമിതട്ടിപ്പ് കേസിലുമൊക്കെ നാം അത് കണ്ടതാണല്ലോ. ഏതെങ്കിലും പരാമർശം കോടതിയിൽ നിന്നു വന്നാൽ രായ്ക്കുരാമാനം ഓടിയെത്തി

സ്റ്റേ വാങ്ങിക്കുന്നതിനും കോടതിയിൽ കേസുവരാതിരിക്കുന്നതിനും ഇയാൾ കാണിക്കുന്ന വ്യഗ്രത കേരളം കണ്ടതാണ്. അതിനുവേണ്ടിയല്ലേ എ.ജി.യുടെ ശമ്പളം രണ്ടാഴ്ചമുമ്പ് ഒരു ലക്ഷത്തിൽനിന്ന് രണ്ടുലക്ഷമായി വർദ്ധിപ്പിച്ചുകൊടുത്തത്? അതുമാത്രമാണോ, മുൻകാല പ്രാബല്യം നൽകി അരക്കോടിയോളം രൂപ എ.ജി. ക്ക് ശമ്പളം കുടിശ്ശികയിനത്തിലും ശ്രീ. ഉമ്മൻ ചാണ്ടി തരപ്പെടുത്തി നൽകി. ഇവിടെ പാവപ്പെട്ട വിധവകളും വികലാംഗരുമടക്കമുള്ള ആളുകളുടെ പെൻഷൻപോലും കാശില്ലെന്ന പേരിൽ മാസങ്ങളോളം കുടിശ്ശികയിട്ടിരിക്കുന്ന സർക്കാരാണ്, ശ്രീ. ഉമ്മൻ ചാണ്ടിയുടെ കേസൊതുക്കൽ വക്കാലത്തെടുത്തിരിക്കുന്ന എ.ജി. ക്ക് ലക്ഷം രൂപയുടെ ശമ്പള വർദ്ധനവ് നൽകിയിരിക്കുന്നത്. സോളാർ കേസ് അട്ടിമറിക്കാൻ മുഖ്യമന്ത്രിയും എ.ജി.യും നടത്തുന്ന കള്ളക്കളികളെപ്പറ്റി ഞങ്ങൾ കുറേ നാളുകളായി പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. ഞങ്ങൾ പറഞ്ഞപ്പോൾ അത് രാഷ്ട്രീയ ശത്രുതകൊണ്ടാണെന്ന് പറഞ്ഞ് നിങ്ങൾ രക്ഷപ്പെടാൻ ശ്രമിച്ചു. ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പച്ചയ്ക്ക് പറഞ്ഞിരിക്കുകയാണ് എ.ജി.യും അദ്ദേഹത്തിന്റെ ഓഫീസും സോളാർ കേസിൽ മാത്രമാണ് ആത്മാർത്ഥത

കാണിച്ചതെന്ന്. എന്ത് ആത്മാർത്ഥതയാണ് എ.ജി. കാണിച്ചത്; സരിതയേയും മുഖ്യമന്ത്രിയുടെ കിങ്കരൻമാരെയുമൊക്കെ രക്ഷിക്കുന്നതിനുള്ള ആത്മാർത്ഥതയല്ലേ അത്? എ.ജി.യുടെ ഓഫീസിൽ 120 അഭിഭാഷകരുണ്ടായിട്ടും ഒരു പ്രയോജനവുമില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറയുന്നുണ്ട്. അതുകൊണ്ട് സർക്കാർ കേസ് നടത്താൻ സ്വകാര്യ അഭിഭാഷകരെ ഏൽപ്പിക്കണമെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്. 120 അഭിഭാഷകർക്കുവേണ്ടി സർക്കാർ ഖജനാവിൽനിന്ന് എത്രകോടി രൂപയാണ് മുടക്കുന്നത്; അതുകൊണ്ട് സർക്കാരിനോ ജനങ്ങൾക്കോ നാലുകാശിന്റെ പ്രയോജനമുണ്ടോ? നമ്മുടെ മുഖ്യമന്ത്രിയോട് മറ്റൊരുകാര്യംകൂടി ഹൈക്കോടതി ചോദിച്ചു, താങ്കൾക്ക് അറ്റോർണി ജനറലിനെ വിമർശിക്കുവാൻ എന്തവകാശം എന്ന്. ചേർത്തലയിൽ ഒരു ചൊല്ലുണ്ട് -"പെരുമന്തൻ ഉണ്ണിമന്തനെ കളിയാക്കുക." അതുപോലെയാണ് നമ്മുടെ മുഖ്യമന്ത്രിയുടെയും എ.ജി.യുടെയും നെറികെട്ട പ്രവൃത്തികണ്ട് സഹിക്കാതെ, താങ്കൾക്ക് അറ്റോർണി ജനറലിനെ വിമർശിക്കാൻ ധാർമ്മികമായി യാതൊരു അവകാശവുമില്ലെന്ന് കോടതി പറഞ്ഞത്. ഇത്ര നെറികെട്ട ഒരു മുഖ്യമന്ത്രിയും എ.ജി.യും കേരളത്തിന്റെ ചരിത്രത്തിൽ

ഉണ്ടായിട്ടില്ല. ഇവരെ പേറേണ്ടിവന്ന കേരളജനതയുടെ വിധിയോർത്ത് ഞാൻ പരിതപിക്കുന്നു. പുറത്തുനിന്ന് അഡ്വക്കേറ്റിനെ കൊണ്ടുവരുന്നത് മോശമാണെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. വിവരമുള്ള ഗവൺമെന്റുകളെല്ലാം അഡ്വക്കേറ്റ് ജനറൽ മോശമാണെന്ന് വരുമ്പോൾ പുറത്തുനിന്ന് അഡ്വക്കേറ്റുമാരെ കൊണ്ടുവരും. ഞങ്ങൾ കൊണ്ടുവന്നിട്ടില്ലേ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിങ്ങൾ പുറത്തുനിന്ന് അഭിഭാഷകനെ കൊണ്ടുവന്നത്, നിങ്ങളുടെ അഡ്വക്കേറ്റ് ജനറലിന് കഴിവില്ലായെന്ന് ബോധ്യപ്പെട്ടിട്ടാണ്. ഞങ്ങൾക്ക് ഈ അഡ്വക്കേറ്റ് ജനറലിൽ പൂർണ്ണ വിശ്വാസമുണ്ട്. അതുകൊണ്ടാണ് കൊണ്ടുവരാത്തത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, അഡ്വക്കേറ്റ് ജനറലിന് കേസ് വാദിക്കാൻ കഴിവില്ലെന്ന് തെളിഞ്ഞാൽ പുറത്തുനിന്ന് ഭേദപ്പെട്ട അഡ്വക്കേറ്റുമാരെ കൊണ്ടുവരുവാൻ ഗവൺമെന്റുകൾക്ക് അവകാശമുണ്ട്. ആ അവകാശം ഞങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഫലമായി കേസ് ജയിച്ചിട്ടുമുണ്ട്. അങ്ങനെയാണ് നിങ്ങൾ കൊട്ടിഘോഷിച്ച ലോട്ടറി കേസ് ജയിക്കാൻ ആവശ്യമായ

വിധി കിട്ടിയത്. അങ്ങനെ പുറത്തുനിന്നുകൊണ്ടുവന്ന അഡ്വക്കേറ്റിന്റെ ധീരമായ വാദത്തിന്റെ ഫലമായാണ് അതുണ്ടായിട്ടുള്ളത്. അതുകൊണ്ട് അതിന്റെ ക്രെഡിറ്റ് ഈ അഡ്വക്കേറ്റ് ജനറലിന്റെ മേൽ ചാർത്തി രക്ഷപ്പെടാമെന്ന് കരുതേണ്ടതില്ല. ഇതെല്ലാം വളരെ വിശദമായും വ്യക്തമായും ചർച്ച ചെയ്യാനാണ് ഈ സഭയിൽ റൂൾ 50 അനുസരിച്ച് ശ്രീ. മാത്യു റ്റി. തോമസിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ അടിയന്തര പ്രമേയം അവതരിപ്പിച്ചത്. അടിയന്തര പ്രമേയം ചർച്ച ചെയ്യണമെന്ന ആവശ്യം ഗവൺമെന്റിന്റെ ഉപദേശമനുസരിച്ച് അങ്ങ് നിഷേധിച്ചിരിക്കുകയാണ്. വാസ്തവത്തിൽ സഭ നിർത്തിവച്ച് ഇത് ഒരു ദിവസം ചർച്ച ചെയ്യാനുള്ള അവസരം കിട്ടിയിരുന്നെങ്കിൽ വളരെ പ്രയോജനപ്രദമായ അഭിപ്രായങ്ങൾ കേൾക്കാൻ കഴിയുമായിരുന്നു. അതിന് അവസരം നിഷേധിച്ച, ഗവൺമെന്റിന്റെ ഉപദേശം കേട്ട് നടപടി സ്വീകരിച്ച ബഹുമാനപ്പെട്ട ചെയറിന്റെ നടപടിയിൽ ശക്തമായി പ്രതിഷേധിക്കേണ്ടി വരുന്നു. ഈ ഗവൺമെന്റിന്റെ നടപടിയെ വെല്ലു വിളിച്ചുകൊണ്ട്...

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ചെയറിന്റെ നടപടിയെ

ചോദ്യം ചെയ്യാൻ പാടില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഞാൻ അത് പിൻവലിക്കുന്നു. ഗവൺമെന്റിന്റെ ഈ നാണംകെട്ട നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിക്കാരും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുമ്പിലുള്ള ഒരു വിഷയമാണ് ചട്ടമനുസരിച്ച് ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. ശ്രീ. മാത്യു റ്റി. തോമസ് ഈ അടിയന്തരപ്രമേയത്തിലൂടെ ഉന്നയിച്ച അതീവഗൗരവമുള്ള പല കാര്യങ്ങൾക്കും മുഖ്യമന്ത്രി സൗകര്യപൂർവ്വം മറുപടി പറഞ്ഞിട്ടില്ല. ഈ അടിയന്തരപ്രമേയത്തെ എതിർത്തുകൊണ്ട് അങ്ങ് നടത്തിയ ചില സമീപനങ്ങളും പ്രയോഗങ്ങളും വ്യക്തിപരമായി ആക്ഷേപിക്കുന്ന തരത്തിലുള്ളതായിരുന്നു. അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന ഞങ്ങളെപ്പോലെയുള്ളയാളുകൾക്ക് വിവരമില്ല എന്ന രീതിയിൽ അങ്ങ് നടത്തിയ പ്രയോഗം വളരെ നിർഭാഗ്യകരമാണ്. അങ്ങനെ ആരെങ്കിലും

എഴുതിക്കൊടുക്കുന്നതിന്റെ താഴെ ഒപ്പിടുന്നവരാണ് ഇപ്പുറത്തിരിക്കുന്നവരെന്നുള്ള ഒരു ധാരണ ശരിയല്ല. അങ്ങ് മുഖ്യമന്ത്രിയാണ്, ഈ സഭയുടെ നേതാവാണ്. ഹൈക്കോടതിയിലെ ഒരു ജഡ്ജി ഇന്നലെ നടത്തിയ പരാമർശത്തെക്കുറിച്ച് മുഴുവൻ മീഡിയകളും രാജ്യമാകെയുള്ള എല്ലാ മലയാളികളും ചർച്ച ചെയ്ത ഒരു വിഷയമാണ് ഞങ്ങൾ ഉന്നയിച്ചത്. അതിന് ഞങ്ങളോട് പ്രകോപിതരായിട്ട് കാര്യമില്ല. നിങ്ങൾ നിയമിച്ചിരിക്കുന്നത് അബ്കാരികളുടെ നോമിനികളെയാണെന്ന് പറഞ്ഞിരിക്കുന്നത് അദ്ദേഹമാണ്, ഞങ്ങളല്ല. വാദിക്കാനുള്ള ആളുകൾ, കച്ചവടക്കാരുടെ നോമിനിയെയാണ് നിയമിച്ചിരിക്കുന്നതെന്നും എ. ജി. യുടെ ഓഫീസ് പൂട്ടണമെന്നും പറഞ്ഞത് ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിയാണ്. ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള പത്രമായ The Hindu റിപ്പോർട്ട് ചെയ്തിരിക്കുന്നത്, " Judge lashes out at A.G." എന്നാണ്. ഇത് ജനയുഗമോ ദേശാഭിമാനിയോ അല്ല. അതിൽ പറയുന്നുണ്ട്; " …...the Court suggesting that office shall be better to close down......" എ.ജി. യുടെ ഓഫീസ് അടച്ചുപൂട്ടുന്നതാണ് നല്ലതെന്നാണ് പറഞ്ഞിരിക്കുന്നത്. മാത്രമല്ല, " …... the Government Pleaders were the nominees of either Abkaris or business groups...." ഇത് അങ്ങയുടെ ഗവൺമെന്റിന് ഭൂഷണമാണോ? അങ്ങ് ഇതിന് മറുപടി പറയണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഹൈക്കോടതിയിൽ ഈ നാലുകൊല്ലത്തിനുള്ളിൽ അബ്കാരികളുടെ ഏതെങ്കിലും ഒരു കേസ് വിജയിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ടോ; ഞങ്ങൾ പുറത്തുനിന്ന് ഒരു വക്കീലിനെയും കൊണ്ടുവന്നില്ല. എ.ജി.-യും അദ്ദേഹത്തിന്റെ കൂടെയുള്ള വക്കീലന്മാരുമാണ് വാദിച്ചത്. ബാറുടമകളുടെയും മദ്യരാജാക്കന്മാരുടെയും താല്പര്യം സംരക്ഷിച്ചത് എവിടെയാണെന്നതുകൂടി അങ്ങ് പറയണം.

ശ്രീ. സി. ദിവാകരൻ: അങ്ങ് എന്നെക്കൊണ്ട് പറയിപ്പിക്കരുത്. അങ്ങയുടെ പാർട്ടിയുടെ പ്രസിഡന്റ് ശ്രീ. വി. എം. സുധീരനെ ഇക്കാര്യം ബോധ്യപ്പെടുത്താമോ? അദ്ദേഹമാണ് കേരളത്തിൽ അങ്ങോളമിങ്ങോളം നടന്നുപറഞ്ഞത്, ഗവൺമെന്റിനെ സ്വാധീനിക്കുന്നത് അബ്കാരികളുടെ ലോബികളാണെന്ന്. അതുതന്നെയാണ് ജഡ്ജിയും പറഞ്ഞിരിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: ഒരാൾ പറഞ്ഞതുകൊണ്ട് സത്യമാകുമോ? നാലുകൊല്ലത്തിനുള്ളിൽ ഏതെങ്കിലും ഒരു കേസ് എ.ജി.-യും ആ വക്കീലന്മാരും നടത്തിയിട്ട് സംസ്ഥാന ഗവൺമെന്റ് തോറ്റിട്ടുണ്ടോ എന്ന് പറയാമോ ?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെക്കൊണ്ട് പറയിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഇത് എന്റെ സ്റ്റേറ്റ്മെന്റല്ല, ഇത് കേരള

ഹൈക്കോടതിയിലെ ജഡ്ജിയുടെ സ്റ്റേറ്റ്മെന്റാണ്. അദ്ദേഹമാണ് എ.ജി. യുടെ ഓഫീസ് അടച്ചുപൂട്ടണമെന്ന് നിങ്ങളുടെ മുഖത്തടിച്ചതുപോലെ പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ നോമിനികളെല്ലാം അബ്കാരികളുടെയും വ്യവസായികളുടെയും നോമിനികളാണെന്നും തമിഴ്നാട്ടിൽ പോയി പഠിക്കാൻ പറഞ്ഞതും ഞങ്ങളല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങനെ പറഞ്ഞാൽ മതിയോ? ഏതെങ്കിലും ഒരു കാര്യത്തിൽപ്പോലും സത്യമില്ലാതെ ഒരാൾ പറഞ്ഞതാണിതെന്നോർക്കണം. അപ്പോഴാണ് ആളുകൾ ഇയാൾ ഇങ്ങനെ പറയാനുള്ള കാരണം അന്വേഷിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: ഹൈക്കോടതിയുടെ പരസ്യമായ ഒരു നിരീക്ഷണത്തിൽ വസ്തുതയുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കണമെങ്കിൽ നിയമസഭയിൽ ആ വിഷയമുന്നയിച്ചാലല്ലേ സാധിക്കുകയുള്ളൂ; അതാണ് ഞങ്ങൾ ചെയ്തത്? വസ്തുതയില്ലെങ്കിൽ നിങ്ങൾ ആ ജഡ്ജിയെ ബോധ്യപ്പെടുത്തണം, അല്ലെങ്കിൽ ക്യാബിനറ്റ് കൂടി ഈ ജഡ്ജിക്കെതിരെ പറയാനുള്ള കരുത്തുണ്ടോ? ഹൈക്കോടതി ജഡ്ജിയുടെ പരാമർശങ്ങൾ മുഴുവൻ ശുദ്ധ അസംബന്ധമാണെന്ന് നിങ്ങളുടെ ക്യാബിനറ്റ് തീരുമാനിച്ച് സുപ്രീം കോടതിയിലേയ്ക്ക് അയയ്ക്കുമോ? ഞങ്ങളോടല്ല ശൗര്യം കാണിക്കേണ്ടത്. ഇത് പറഞ്ഞയാൾ ഇപ്പോഴും ഹൈക്കോടതിയിലിരിക്കുകയാണ്. ഞങ്ങളോട് ശൗര്യം കാണിച്ചാൽ അദ്ദേഹത്തിന്

വല്ല കുഴപ്പവുമുണ്ടോ; അദ്ദേഹമാണ് പറഞ്ഞത് ഓഫീസ് അടച്ചുപൂട്ടി തമിഴ്നാട്ടിലേയ്ക്ക് പോകാൻ. ഞങ്ങൾ ജഡ്ജിയുടെ വക്കാലത്ത് എടുക്കുന്നില്ല. അതുകൊണ്ട് ഇതിന് തർക്കുത്തരം പറഞ്ഞിട്ട് കാര്യമില്ല. ഇത് കോടതിയിൽ വന്ന കാര്യമാണ്, ഞങ്ങൾ ഇവിടെ സൃഷ്ടിച്ചതല്ല. ജഡ്ജി പറഞ്ഞത് തെറ്റാണെങ്കിൽ നിങ്ങൾ കോടതിയേയും ജനങ്ങളെയും ബോദ്ധ്യപ്പെടുത്തണം. ഈ സ്റ്റേറ്റ്മെന്റ് withdraw ചെയ്യണമെന്നാവശ്യപ്പെട്ട് കോടതിയിൽ പെറ്റീഷൻ കൊടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ? അതാണ് ചെയ്യേണ്ടത്. അതു ചെയ്യുന്നതിനുപകരം ശ്രീ. മാത്യു റ്റി. തോമസ് നോക്കാതെ ഒപ്പിട്ടു, ഏത് കേസിൽ തോറ്റുവെന്ന് മറുപടി പറയണം എന്നൊക്കെ പറയുന്നത് ശരിയല്ല. ഹൈക്കോടതിയിലെ കേസ് നടത്തിപ്പല്ല ഞങ്ങളുടെ ജോലി.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്, ശ്രീ. സി. ദിവാകരൻ ഏഴു മിനിറ്റായി. ഇന്ന് വെള്ളിയാഴ്ചയാണ് 12.30-ന് സഭ പിരിയേണ്ടതാണ്. പ്ലീസ് കൺക്ലൂഡ്....,

<u>ശ്രീ. സി. ദിവാകരൻ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് വളരെ നിർഭാഗ്യകരമാണ്. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും

അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, ആരെങ്കിലും കൊണ്ടുവന്ന് തരുന്ന കടലാസിൽ ഒപ്പിട്ട് അടിയന്തരപ്രമേയം കൊടുത്തുവെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം വളരെ ഖേദകരമായിപ്പോയി. കേരള ഹൈക്കോടതിയിലെ ഒരു ജഡ്ജി അദ്ദേഹത്തിന്റെ ചേമ്പറിൽ ഒരു കേസ് പരിഗണിക്കുമ്പോൾ നടത്തിയ പരാമർശങ്ങൾ എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തപ്പോൾ ആരെങ്കിലും കൊണ്ടുതന്ന കടലാസിൽ ഒപ്പിട്ടുതന്നു എന്ന തരത്തിൽ എന്നെപ്പോലെ ഒരാളെപ്പറ്റി അങ്ങ് പറയാൻ പാടില്ലായിരുന്നു എന്ന് വളരെ ഖേദപൂർവ്വം അറിയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഞാൻ അങ്ങനെയല്ല പറഞ്ഞത്. അങ്ങ് എഴുതിത്തന്ന കാര്യങ്ങൾക്ക് മറുപടി പറയാൻ വേണ്ടി അന്വേഷിച്ചപ്പോൾ അങ്ങനെ ഒരു സംഭവമില്ലെന്നാണ് എനിക്ക് കിട്ടിയ മറുപടി. അതുകൊണ്ടാണ് അങ്ങയോട് ഡീറ്റെയിൽസ് ചോദിച്ചത്. അപ്പോൾ അങ്ങേയ്ക്ക് ഒന്നും പറയാനില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, എനിക്ക് കിട്ടിയ വിവരങ്ങൾ നൽകാമെന്ന് പറഞ്ഞു. എന്നാലും ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ ഇങ്ങനെയുള്ള പ്രതികരണം നടത്തുന്നത് അങ്ങയുടെ പദവിക്ക് ചേർന്നതാണോ എന്നത് അങ്ങേയ്ക്ക്

തീരുമാനിക്കാം. ഞാൻ അതിനെക്കുറിച്ച് പരാമർശിക്കുന്നില്ല. ഈ അടിയന്തരപ്രമേയ നോട്ടീസ് ഇവിടെ കൊണ്ടുവന്നതിന് അങ്ങ് ഞങ്ങളോട് നന്ദി പറയണം. കാരണം ഇന്നലെ അഡ്വക്കേറ്റ് ജനറലിന് പറയാൻ കഴിയാതിരുന്ന കാര്യങ്ങൾ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സഭയുടെ പുറത്തുപറയാൻ കഴിയാതിരുന്ന കാര്യങ്ങൾ ഈ സഭയുടെ പരിരക്ഷ എന്ന ഒരു കവചം ഉപയോഗിച്ചുകൊണ്ട്; കോടതിയലക്ഷ്യമാവില്ല എന്ന ബോദ്ധ്യത്തിൽ സഭയ്ക്കകത്ത് പറയാനുള്ള എല്ലാ സ്വാതന്ത്ര്യവും മുഖ്യമന്ത്രിക്ക് കിട്ടി. ഞാൻ ഒരേ ഒരു ചോദ്യം ചോദിക്കുകയാണ്, ഞാൻ ഇന്ന് അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ട് നടത്തിയ മുഴുവൻ പ്രസംഗവും പുറത്തുപറയുവാൻ തയ്യാറാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്കകത്ത് നടത്തിയ പ്രസംഗം അതേപോലെ പുറത്ത് പറഞ്ഞാൽ കോടതിയലക്ഷ്യമാവുമെന്ന് അറിയാമല്ലോ. ഈ സഭയുടെ സംരക്ഷണമുപയോഗിച്ചുകൊണ്ട് അങ്ങ് അത്രയും പോകാൻ പാടില്ലായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെക്കുറിച്ചും ഗവൺമെന്റ് പ്ലീഡർമാരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള വിമർശനം ഇന്ന് വ്യാപകമായിട്ടുണ്ട്, അത് യാഥാർത്ഥ്യമാണ്. അത് ഉന്നയിച്ചിരിക്കുന്നത് Lawyer's Congress-ഉം കൂടിയാണ്, ഞങ്ങൾ മാത്രമല്ല. അവിടെ കേസ് പലതും

തോറ്റുകൊടുക്കുന്നുവെന്ന് പറയുന്നത് കെ.പി.സി.സി. പ്രസിഡന്റും ശ്രീ. റ്റി. എൻ. പ്രതാപനെപ്പോലെയുള്ളവരുമാണ്. ഇതൊന്നും കണ്ടില്ലെന്ന് നടിക്കരുത്. ഞാൻ ഉന്നയിച്ച ഒരു പ്രധാനപ്പെട്ട വിഷയം മുഖ്യമന്ത്രി പരാമർശിച്ചിട്ടില്ല. സർക്കാരിനെതിരെയുള്ള കേസുകളിൽ 'ദണ്ഡപാണി അസോസിയേറ്റ്സ്' എതിർഭാഗം കക്ഷികൾക്കുവേണ്ടി ഹാജരാകുന്നു എന്ന് വ്യക്തമായ ആക്ഷേപം ഞാൻ ഉന്നയിച്ചു. അതിനെ സംബന്ധിച്ചാണ് ബാർ കൗൺസിലിൽ പരാതിയുള്ളത്. ബാർ കൗൺസിൽ professional misconduct-നും unfair practice-നും എതിരെ നോട്ടീസ് ഇഷ്യൂ ചെയ്തിരുന്നു, സ്റ്റേയുണ്ടായിരുന്നു, സ്റ്റേ ഇപ്പോൾ വെക്കേറ്റ് ചെയ്തു. അത് ഒരു യാഥാർത്ഥ്യമാണ്. ഈ വിമർശനം ഹൈക്കോടതി നടത്തിയപ്പോൾ അതിന്റെ വസ്തുതാപരമായ പരിശോധന നടത്താതെതന്നെ ഇന്നലെ മുഖ്യമന്ത്രി പ്രതികരിച്ചു. പക്ഷെ, തുറന്ന മനസ്സോടുകൂടി അത് പരിശോധിക്കാമെന്ന പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്താതിരുന്നത് സങ്കടകരമായിപ്പോയി. ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു പരാമർശം നടത്തിയപ്പോൾ എന്താണ് ആ വിമർശനത്തിന്റെ കാതൽ, അതിൽ എന്തെങ്കിലും തിരുത്തേണ്ടതായുണ്ടോ; അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ എന്ന് പരിശോധിക്കാമെന്ന ഉറപ്പുപോലും

നൽകാതെ അന്ധമായി എ.ജി.-യെ ന്യായീകരിക്കുന്ന ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഹൈക്കോടതി ജഡ്ജി അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെക്കുറിച്ച് വിമർശനം നടത്തിയിട്ടുള്ളത്. മുഖ്യമന്ത്രി ഒരു പരിശോധനയും അന്വേഷണവും നടത്താതെ നാലാമത്തെ മിനിറ്റിൽ അഡ്വക്കേറ്റ് ജനറലിനെയും അദ്ദേഹത്തിന്റെ ഓഫീസിനെയും ന്യായീകരിച്ചു. ആ കാര്യക്ഷമത, അദ്ദേഹം പരിശോധിക്കുമെന്ന് പറഞ്ഞതിനുശേഷമാണ് കാണിച്ചിരുന്നതെങ്കിൽ ന്യായീകരിക്കത്തക്ക തായിരുന്നു. മുഖ്യമന്ത്രി ഒരുപാട് കാര്യങ്ങൾ ഇവിടെ ന്യായീകരിച്ചു. അദ്ദേഹത്തിന്റെ ന്യായീകരണങ്ങൾ ശരിയാണെന്ന് വാദത്തിന് സമ്മതിക്കാം. അങ്ങനെവന്നാൽ പോലും അത് ഈ സഭ ചർച്ചചെയ്യുകയും അത്തരമൊരു അസാധാരണമായ സാഹചര്യം കേരളത്തിൽ ഉണ്ടായതിനെക്കുറിച്ച് സഭാംഗങ്ങളുടെ അഭിപ്രായംകൂടി ആരാഞ്ഞുകൊണ്ട് ഒരു നിലപാട് സ്വീകരിക്കേണ്ടതല്ലേ; അത് ഒരു ഗുരുതരമായ

സ്ഥിതി വിശേഷമല്ലേ? ഞങ്ങൾ ഇവിടെ ഒരു ആരോപണവും ഉന്നയിച്ചിട്ടില്ല. മുഖ്യമന്ത്രി പറയുന്നത് കേട്ടാൽ ഞങ്ങൾക്ക് തോന്നുന്നത്, ഞങ്ങൾ എവിടെനിന്നോ കുറെ ആരാപണങ്ങൾ കൊണ്ടുവന്ന് ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാൻ ശ്രമിച്ചുവെന്നാണ്. ഇവിടെ ഇങ്ങനെയൊരു സംഭവം ഉണ്ടായിരിക്കുന്നു. അത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചു. അതിനെ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത്. അത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമായിരുന്നു. മുഖ്യമന്ത്രി കാണിച്ച അനാവശ്യമായ വ്യഗ്രത അദ്ദേഹത്തിന്റെ നിലപാടുകളെ സംശയത്തിന്റെ നിഴലിലാണ് നിർത്തുന്നത്. എന്തിനാണ് അദ്ദേഹം സ്വയം സംശയത്തിന്റെ നിഴലിൽ നിൽക്കാൻ ഇടയായതെന്നത് ദുരൂഹമാണ്. കെ.പി.സി.സി. പ്രസിഡന്റിനെക്കുറിച്ച് ഏതോ ഒരാൾ എന്ന് പറയുന്ന മാനസികാവസ്ഥയിലേയ്ക്ക് മുഖ്യമന്ത്രി എത്തിപോയതിൽ എനിക്ക് അതിശയിക്കാനൊന്നുമില്ല. പക്ഷേ, അങ്ങനെ വേണ്ടിയിരുന്നോയെന്ന് പുന: പരിശോധന നടത്താൻ മറ്റുള്ളവർ മുഖ്യമന്ത്രിയോട് ചോദിക്കണം. അങ്ങയുടെയും ഗവൺമെന്റിന്റെയും നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും

അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)